ഉത്തരം

(എ) അടിസ്ഥാന സൗകര്യ വികസനം, ഇക്കോടൂറിസം, കേരളത്തിന്റെ പാരമ്പര്യ സംരക്ഷണം, ഗുണമേന്മാ വർദ്ധനവ് എന്നീ മേഖലകൾക്ക് പ്രാമുഖ്യം നൽകി കൊണ്ടുള്ള പുതിയ പദ്ധതികളാണ് ഇപ്രാവിശ്യം ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്നത്. ഇതിന്റെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) സംസ്ഥാനത്തെ മലയോര പ്രദേശങ്ങളിലും, വനപ്രദേശങ്ങളിലും വനം വകുപ്പുമായി സഹകരിച്ച് ടൂറിസം പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. തദ്ദേശവാസികളെ ഉൾപ്പെടുത്തി വനംവകുപ്പ് വിവിധ സ്ഥലങ്ങളിൽ രൂപീകരിച്ചിട്ടുള്ള വനസംരക്ഷണ സമിതികളാണ് അതാത് വനപ്രദേശത്തെ പ്രകൃതി രമണീയമായ സ്ഥലങ്ങളിൽ ഇക്കോ ടൂറിസം പദ്ധതിയ്ക്ക് മേൽനോട്ടം വഹിക്കുന്നത്. ഇവർ തയ്യാറാക്കുന്ന മൈക്രോ പ്ലാനുകളുടെ അടിസ്ഥാനത്തിൽ വനംവകുപ്പ് അംഗീകരിക്കുന്ന പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. മംഗളവനം, തൊമ്മൻകുത്ത് തുടങ്ങിയ പ്രദേശങ്ങളിൽ സമീപഭാവിയിൽ തന്നെ പുതിയ പദ്ധതികൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ട്.

വിനോദസഞ്ചാര മേഖലയിലെ നയപരമായ മാറ്റങ്ങൾ

2 [980] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട് എന്തെങ്കിലും നയപരമായ മാറ്റങ്ങൾ സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് ആഭ്യന്തര/വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിലുണ്ടായിട്ടുള്ള വർദ്ധനവും വരുമാനത്തിലുള്ള വർദ്ധനവും വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിനോദസഞ്ചാര മേഖലയിൽ നയപരമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. കേരളത്തിലേക്ക് 'കൂടുതൽ ടൂറിസ്റ്റുകളെ' ആകർഷിക്കുകയെന്നതിനുപകരം 'ഉയർന്ന ഗുണമേന്മയുള്ള കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുക'യെന്ന നയപരമായ മാറ്റം ഉണ്ടായിട്ടുണ്ട്. കൂടാതെ കേരളത്തിന്റെ സാംസ്ക്കാരിക പൈതൃകവും, പരിസ്ഥിതിയും പരിരക്ഷിക്കുന്നതിൽ ശ്രദ്ധകേന്ദ്രീകരിച്ചും ഇവിടത്തെ വിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്തിയും ഉൽപ്പാദനവും, വരുമാനവും, തൊഴിലവസരങ്ങളും വർദ്ധിപ്പിച്ചും അതുവഴി ദാരിദ്ര്യനിർമ്മാർജനത്തിനു വഴിയൊരുക്കി നാടിന്റെ നാനാമുഖമായ പുരോഗതിക്ക് ടൂറിസം ഏറ്റവും പ്രധാന മേഖലയായിത്തീർന്നിരിക്കുന്നു.

(ബി) ഉണ്ട്. സംസ്ഥാനത്ത് കഴിഞ്ഞ രണ്ടു വർഷങ്ങളിൽ എത്തിയ ആഭ്യന്തര/വിദേശ വിനോദ സഞ്ചാരികളുടെ എണ്ണവും അതുവഴിയുള്ള വരുമാനവും അനുബന്ധമായി വച്ചിട്ടുണ്ട്.††

† അനുബന്ധം 5,

†† അനുബന്ധം 6

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VI

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2 (980) കാണുക]

വർഷം	വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം	വിദേശ വിനോദ സഞ്ചാരികളിൽ നിന്നുള്ള വരുമാനം (രൂപ കോടി)	ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണം	ആഭ്യന്തര വിനോദ സഞ്ചാരികളിൽ നിന്നുള്ള വരുമാനം (രൂപ കോടി)
(1)	(2)	(3)	(4)	(5)
2002 . .	232564	705.67	5568256	3011.31
2003 . .	294621	983.37	5871228	3492.68
വർദ്ധനവ് (ശതമാനത്തിൽ) . .	26.68%	39.35%	5.44%	15.99%

അനുബന്ധം VII

[നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 45 (1023) കാണുക]

പദ്ധതിയുടെ പേര്	പൂർത്തിയാകാത്തതിനുള്ള കാരണങ്ങൾ	സ്വീകരിച്ചു വരുന്ന നടപടികൾ
1. വാണിമേൽ പഞ്ചായത്തിലേക്കുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി	നിർമ്മാണ പ്രവൃത്തികൾക്കാവശ്യമായ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാകാൻ താമസിച്ചതിനാൽ	ഏപ്രിൽ മാസത്തോടെ സ്ഥലം ലഭ്യമായതിനാൽ തുടർനടപടികൾ കൈക്കൊണ്ടു വരുന്നു.
2. വളയം പഞ്ചായത്തിലേക്കുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി	do.	do.
3. തൂണേരി പഞ്ചായത്തിലേക്കുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി	വിതരണ ശൃഖലയുടെ പണികൾ പൂർത്തിയായി. മറ്റു ഘടകങ്ങളുടെ പണികൾ പൂർത്തിയാക്കേണ്ടതുണ്ട്.	പണി പൂർത്തിയാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു.
4. നരിപ്പറ്റ പഞ്ചായത്തിലേക്കുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി	പദ്ധതിയുടെ ടാങ്ക്, സമ്പ് എന്നിവ നിർമ്മിക്കാനാവശ്യമായ സ്ഥലം പഞ്ചായത്ത് ലഭ്യമാക്കാത്തതുകൊണ്ട്.	സ്ഥലം ലഭ്യമാക്കാൻ വേണ്ടി പഞ്ചായത്തിനോടാവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VII—(തുടർച്ച)

പദ്ധതിയുടെ പേര്	പൂർത്തിയാകാത്തതിനുള്ള കാരണങ്ങൾ	സ്വീകരിച്ചു വരുന്ന നടപടികൾ
5. എൽ.ഐ.സി. സഹായത്തോടെയുള്ള നാദാപുരം സെൻസസ് ടൗൺ ശുദ്ധ ജല വിതരണ പദ്ധതി	വിതരണ ശൃംഖലയുടെ പണികൾ നടന്നുവരുന്നു. മറ്റു ഘടകങ്ങളുടെ പണികൾ പൂർത്തിയാക്കേണ്ടതുണ്ട്.	തുടർ നടപടികൾ കൈക്കൊണ്ടു വരുന്നു.
6. വളയം പഞ്ചായത്തിലെ 5 ചെറുകിട പദ്ധതികൾ	കിണറുകളുടെ പ്രവൃത്തികൾ പൂർത്തിയാക്കി. മറ്റു പ്രവൃത്തികൾ നടന്നു വരുന്നു.	തുടർ നടപടികൾ കൈക്കൊണ്ടു വരുന്നു.
7. കായക്കൊടി പഞ്ചായത്തിലെ മാവിലക്കുന്ന് ശുദ്ധജല വിതരണ പദ്ധതി	പവർ കണക്ഷൻ ലഭിക്കാത്തതിനാൽ	കണക്ഷൻ ലഭ്യമാക്കാൻ വേണ്ടി K.S.E.B.-യിൽ OYEC തുക അടച്ചു കഴിഞ്ഞു.
8. കണ്ണൂർ L.P. സ്കൂൾ ശുദ്ധ ജല വിതരണ പദ്ധതി	പമ്പ്സെറ്റ് സ്ഥാപിക്കാത്തതിനാലും വൈദ്യുതി കണക്ഷൻ ലഭിക്കാത്തതിനാലും	പമ്പ്സെറ്റ് ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.
9. മൊയിലോത്തറ എൽ.പി. സ്കൂൾ ശുദ്ധ ജല വിതരണ പദ്ധതി.	പമ്പ്സെറ്റ് സ്ഥാപിക്കാത്തതിനാലും വൈദ്യുതി കണക്ഷൻ ലഭിക്കാത്തതിനാലും	പമ്പ്സെറ്റ് ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.
10. കാവിലുംപാറ പഞ്ചായത്തിലെ മുളവട്ടം ശുദ്ധ ജല വിതരണ പദ്ധതി.	സ്രോതസ്സിന്റെയും ടാങ്കിന്റെയും പദ്ധതികൾ പൂർത്തിയായി. പൈപ്പു ലൈൻ പ്രവൃത്തികളുടെ ടെണ്ടർ ക്ഷണിക്കേണ്ടതുണ്ട്.	ടെണ്ടർ നടപടികൾ നടന്നു വരുന്നു.
11. നരിപ്പറ്റ പഞ്ചായത്തിലെ കുമ്പളച്ചോല ശുദ്ധജല വിതരണ പദ്ധതി.	മഴകാരണം പദ്ധതിയുടെ പ്രവൃത്തികൾ തടസ്സപ്പെട്ടിരിക്കുന്നു.	മഴക്കുശേഷം ബാക്കി പ്രവൃത്തികൾ പൂർത്തിയാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly